# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. *515 — 2/07/2019-ൽ മറുപടിയ്ക്ക്

## സ്വയംതൊഴിൽ പദ്ധതികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.വി.അബ്ദുൾ ഖാദർ<br>ശ്രീ.റ്റി.വി.രാജേഷ്<br>ശ്രീ.സജി ചെറിയാൻ<br>ശ്രീ.എം.നൗഷാദ്: | ശ്രീ. ടി.പി. രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പ മന്ത്രി) |
| (എ) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ മുഖേന നടപ്പാക്കി വരുന്ന സ്വയം തൊഴിൽ പദ്ധതികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ ; | (എ) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ മുഖേന നിലവിൽ കെസ്റു (കേരള സ്റ്റേറ്റ് സെൽഫ് എംപ്ലോയ്മെന്റ് സ്കീം ഫോർ രജിസ്റ്റേർഡ് അൺ എംപ്ലോയ്ഡ്), മൾട്ടി പർപ്പസ് സർവീസ് സെന്റേഴ്സ് /ജോബ്ക്ലബ്, ശരണ്യ, കൈവല്യ എന്നീ നാല് സ്വയംതൊഴിൽ പദ്ധതികൾ നടപ്പാക്കി വരുന്നുണ്ട്. |
| (ബി) സ്ത്രീകളുടെ ഉന്നമനം ലക്ഷ്യമിട്ട് നടപ്പാക്കിവരുന്ന ശരണ്യ പദ്ധതിയിൽ ഏതെല്ലാം വിഭാഗത്തി ലുളളവരെയാണ് ഉൾപ്പെടുത്തി യിരിക്കുന്നതെന്ന് വ്യക്തമാക്കാമോ ; | (ബി) എംപ്ലോയ്മെൻറ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിൽരഹിതരായ വിധവകൾ, വിവാഹമോചനം നേടിയ സ്ത്രീകൾ, ഭർത്താവു ഉപേക്ഷിക്കുകയോ /ഭർത്താവിനെ കാണാതാവുകയോ ചെയ്തവർ, 30 വയസ്സ് കഴിഞ്ഞ അവിവാഹിതകൾ, പട്ടിക വർഗ്ഗത്തിലെ അവിവാഹിതരായ അമ്മമാർ എന്നീ വിഭാഗത്തിലുള്ള വനിതകളെയാണ് ശരണ്യ പദ്ധതി ആരംഭിച്ച സമയത്തു ഉൾപ്പെടുത്തിയിരുന്നത്. 28/1/2016 തീയതിയിലെ സ.ഉ.(പി) നമ്പർ 18/2016/ തൊഴിൽ പ്രകാരം ഭിന്നശേഷിക്കാരായ വനിതകളെയും, ശയ്യാവലംബരും, നിത്യരോഗികളുമായ (അക്യൂട്ട് കിഡ്നി പ്രോബ്ലം, ക്യാൻസർ, മാനസികരോഗം, ഹീമോഫീലിയ തുടങ്ങിയവ) |

| | | | |
|---|---|---|---|
| | | | ഭർത്താക്കന്മാരുള്ള വനിതകളെയും ശരണ്യ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (സി) | ഈ പദ്ധതി പ്രകാരം സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് എന്തെല്ലാം ധനസഹായമാണ് നല്കി വരുന്നതെന്ന് അറിയിക്കാമോ ; | (സി) | ശരണ്യ പദ്ധതി പ്രകാരം ഒരു വ്യക്തിക്ക് പരമാവധി 50,000/- രൂപ (അൻപതിനായിരം രൂപ മാത്രം) വരെയാണ് സാധാരണഗതിയിൽ പലിശരഹിത വായ്പ അനുവദിക്കുന്നത്. എന്നാൽ പ്രോജക്ട് പരിശോധിച്ച്, ഒഴിച്ചുകൂടാനാകാത്ത സാഹചര്യത്തിൽ ഒരു ലക്ഷം രൂപ വരെ വായ്പ അനുവദിക്കുന്നതാണ്. 50,000/-രൂപയ്ക്ക് മുകളിലുള്ള തുകയ്ക്ക് 3% ഫ്ലാറ്റ് നിരക്കിൽ പലിശ ഈടാക്കുന്നതാണ്. വായ്പ തുകയുടെ 50% പരമാവധി 25,000/-രൂപ സബ്സിഡിയായി അനുവദിക്കുന്നതാണ്. സംരംഭം നല്ല രീതിയിൽ നടത്തിക്കൊണ്ടു പോകുകയും ആദ്യ വായ്പയുടെ 50%-മെങ്കിലും തിരിച്ചടച്ചവർക്ക്, സംരംഭം വിപുലീകരിക്കുന്നതിന് ആദ്യ വായ്പ തുകയുടെ 80% കവിയാത്ത തുക തുടർവായ്പയായി (ഒരിക്കൽ മാത്രം) കുറഞ്ഞ പലിശ നിരക്കിൽ അനുവദിക്കുന്നതാണ്. |
| (ഡി) | അസംഘടിത മേഖലയിൽ തൊഴിൽ രഹിതർ ഗ്രൂപ്പായി സംരംഭങ്ങൾ ആരംഭിക്കുന്നതിന് ധനസഹായം നല്കുന്നതിനായി മൾട്ടി പർപ്പസ് സർവ്വീസ് സെന്ററുകളും ജോബ് ക്ലബ്ബുകളും രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നല്കാമോ? | (ഡി) | രൂപീകരിച്ചിട്ടുണ്ട്. 29.10.2007-ലെ ജി.ഒ (പി) 143/07/തൊഴിൽ നമ്പർ സർക്കാർ ഉത്തരവിലൂടെ മൾട്ടിപർപ്പസ് സർവ്വീസ് സെന്റേഴ്സ്/ജോബ് ക്ലബ്ബ് പദ്ധതി എന്ന സ്വയംതൊഴിൽ പദ്ധതി നിലവിൽ വന്നിട്ടുണ്ട്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ |

ചെയ്തിട്ടുള്ള തൊഴിൽരഹിതരായ ഉദ്യോഗാർത്ഥികൾക്ക് സ്വയംതൊഴിൽ ചെയ്യുന്നതിന് വായ്പ അനുവദിക്കുന്നതിന് ബാങ്കുമായി ബന്ധപ്പെട്ട് നടപ്പിലാക്കുന്ന സംയുക്ത സ്വയംതൊഴിൽ പദ്ധതിയാണിത്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്തിട്ടില്ലെങ്കിലും പ്രവൃത്തി കാര്യക്ഷമത പരിശീലനം സിദ്ധിച്ചവർക്കും ഈ പദ്ധതിയുടെ ഗുണഭോക്താക്കളാകാവുന്നതാണ്. പ്രായപരിധി 21-നും 45-നും മധ്യേയുള്ളതും (പിന്നാക്ക സമുദായത്തിൽപ്പെട്ടവർക്ക് 3 വർഷവും, പട്ടികജാതി/പട്ടികവർഗ്ഗ/ഭിന്നശേഷിക്കാരായ ഉദ്യോഗാർത്ഥികൾക്ക് 5 വർഷവും ഉയർന്ന പ്രായപരിധിയിൽ ഇളവ് ലഭിക്കും.) കുടുംബ വാർഷിക വരുമാനം 1,00,000/- രൂപയിൽ കവിയാത്തവർക്ക് അപേക്ഷ സമർപ്പിക്കാവുന്നതാണ്. ഓരോ ജോബ് ക്ലബ്ബിലും തെരഞ്ഞെടുക്കുന്ന തൊഴിൽ അനുസരിച്ച് 2 പേരിൽ കുറയാത്ത അംഗങ്ങൾ വീതം ഉണ്ടായിരിക്കണം. ഒരു ജോബ് ക്ലബിന് പരമാവധി 10 ലക്ഷം രൂപ. വരെ വായ്പ അനുവദിക്കുന്നതാണ്. പദ്ധതി ചെലവിന്റെ 25% (പരമാവധി 2 ലക്ഷം രൂപ) സബ്സിഡിയായി അനുവദിക്കുന്നതാണ്. വായ്പ അനുവദിക്കുന്ന മുറയ്ക്ക് സബ്സിഡി തുക ജോബ് ക്ലബ്ബുകളുടെ ലോൺ അക്കൗണ്ടിലേക്ക്

നിക്ഷേപിക്കുന്നതാണ്. പദ്ധതി ആരംഭിച്ച് നാളിതുവരെ 14 ജില്ലകളിലായി 868 ജോബ് ക്ലബുകൾ ആരംഭിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ